# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2399 19.06.2013 - ൽ മറുപടിക്ക്

## നഴ്സിംഗ്-ഫാർമസി കോഴ്സുകളിലെ പ്രവേശനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ബി.എസ്.സി. നഴ്സിംഗിന് ഏതൊക്കെ ആശുപത്രികളിലാണ് ഈ വർഷം അഡ്മിഷൻ നൽകാൻ ഉദ്ദേശിക്കുന്നത് ; ആയതിന്റെ ലിസ്റ്റ് നൽകാമോ ; | എ) | സർക്കാരുമായി സമ്മതപത്രം ഒപ്പിട്ടിട്ടുള്ള അസോസിയേഷൻ ഓഫ് മാനേജ്മെന്റ് ഓഫ് സെൽഫ് ഫിനാൻസിംഗ് നഴ്സിംഗ് കോളേജ് ഓഫ് കേരളയുടെ 29-ഉം പ്രൈവറ്റ് നഴ്സിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ 64-ഉം സ്വതന്ത്രമായി നിൽക്കുന്ന 9 കോളേജു കളിലുമാണ് ഈ വർഷം ബി.എസ്.സി. നഴ്സിംഗിന് അഡ്മിഷൻ നൽകുന്നത്. പ്രസ്തുത കോളേജുകളുടെ പട്ടിക അനുബന്ധം I ആയി ചേർക്കുന്നു. ഇത് കൂടാതെ സർക്കാരിന് കീഴിലെ അഞ്ച് നഴ്സിംഗ് കോളേജുകളിലും സി-മെറ്റിന് കീഴിലുള്ള മൂന്ന് നഴ്സിംഗ് കോളേജുകളിലും പ്രവേശനം നൽകുന്നു. |
| ബി) | ബി.എസ്.സി. നഴ്സിംഗിന് അഡ്മിഷൻ നേടുന്നതിന് വേണ്ട മാനദണ്ഡം എന്താണ് ; ഇതിന്റെ ഫീസ് ഘടന സർക്കാർ, സ്വാശ്രയം എന്ന രീതിയിൽ ലഭ്യമാക്കാമോ ; | ബി) | കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ പരീക്ഷയോ, തത്തുല്യമായി അംഗീകരിക്കപ്പെട്ട മറ്റു പരീക്ഷയോ, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇംഗ്ലീഷ് എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനം മാർക്കോടെ ജയിച്ചിരിക്കണം.<br>ഫീസ് ഘടന : സർക്കാർ കോളേജു കളിൽ 20,000/-(ഇരുപതിനായിരം), മാനേജ്മെന്റ് കോളേജിലെ ഗവൺമെന്റ് സീറ്റിന് 55,000/-(അമ്പത്തയ്യായിരം) രൂപയും, സ്പെഷ്യൽ ഫീസ് 15,000/-(പതിനയ്യായിരം) രൂപയും ആയി നിജപ്പെടുത്തിയിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് അംഗീകൃത ബി.എസ്.സി ഫാർമസി കോഴ്സുകളുള്ള കോളേജുകൾ ഏതൊക്കെ; ഇതിന്റെ പ്രവേശന മാനദണ്ഡവും ഫീസ് ഘടനയും ലഭ്യമാക്കാമോ ? | സി) | ബി.ഫാം കോഴ്സുകൾ നടത്തുന്ന സർക്കാർ കോളേജുകൾ താഴെ കൊടുക്കുന്നു.<br>1. കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, മെഡിക്കൽ കോളേജ്, ആലപ്പുഴ<br>2. കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, കോഴിക്കോട്. |

| | | | |
|---|---|---|---|
| | | | 3. കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, കോട്ടയം.<br>4. കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, തിരുവനന്തപുരം.<br><br>സ്വകാര്യ മേഖലയിലെ കോളേജുകളുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു.<br><br>ഫീസ് സർക്കാർ കോളേജിൽ : 20,000/-<br>സ്വകാര്യ കോളേജിലെ<br>ഗവൺമെന്റ് സീറ്റ് : 55,000 + 15,000 (സ്പെഷ്യൽ ഫീസ്)<br><br><u>പ്രവേശനത്തിനുള്ള മാനദണ്ഡം</u> : കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ, തത്തുല്യമായി അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷയോ ബയോളജി / മാത്തമാറ്റിക്സ്/ ബയോടെക്നോളജി/ കമ്പ്യൂട്ടർ സയൻസിൽ മാത്രം 50% ഉം ഫിസിക്സ് / കെമിസ്ട്രി/ബയോളജി/മാത്തമാറ്റിക്സ്/ ബയോടെക്നോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50% മാർക്കോടെ വിജയിച്ചിരിക്കണം. ഓപ്പൺ സ്കൂൾ മുഖേന പഠനം പൂർത്തിയാക്കിയവർ ഈ കോഴ്സ് പ്രവേശനത്തിന് അർഹരല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്